# GREGORIAN

ST. GREGORIOS ORTHODOX CHURCH, SHARJAH, P. O Box 2229, Sharjah, Tel. (06) 5669622, 5661765, Fax. (06) 5663579
www.gulfparumala.com Email : info@gulfparumala.net


വിശുദ്ധ ദൈവാലയം കൂദാശചെയ്യപ്പെട്ടതിൻെറ പത്താം വാർഷികത്തോട് അനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന

## സ്പെഷ്യൽ പാരിഷ് ബുള്ളറ്റിൻ



*1995 മാർച്ച് 31-ാം തീയതി കൂദാശചെയ്യപ്പെട്ട്*
*പത്ത് വർഷം പിന്നിടുന്ന*
*നമ്മുടെ വി. ദൈവാലയം*

ഷാർജയിൽ
സ്വന്തമായി ഒരു ദൈവാലയം
ആദ്യമായി മലങ്കരസഭയ്ക്ക് അനുവദിച്ചുതന്ന
ഈ രാജ്യത്തിലെ എല്ലാ
ഭരണാധിപൻമാരോടും കുടുംബാംഗങ്ങളോടും
പ്രത്യേകിച്ച്
ഷാർജ ഭരണാധികാരിയും, സുപ്രീം
കൗൺസിൽ അംഗവുമായ
**ബഹു. ഡോ. ഷെയ്ക്ക് സുൽത്താൻ**
**ബിൻ മുഹമ്മദ് അൽ ഖാസ്മി**യോടും
ഇടവയ്ക്കുള്ള നന്ദിയും കടപ്പാടും
ഒരിക്കൽ കൂടി അറിയിക്കുന്നു.



*ഇടവകയുടെ കാവൽ പിതാവ്*
*പരിശുദ്ധ പരുമല തിരുമേനി*

## മരുഭൂമിയിലെ പരുമല

ചരിത്രത്തിൻെറ ഏടുകളിലൂടെ ..........

ഫാ. വൈ. തോമസ്സ്, ഇടവക വികാരി

ഇന്ന് മാർച്ച് 31, നമ്മുടെ വി. ദൈവാലയം സ്ഥാപിതമായിട്ട് 10 വർഷം പിന്നിടുകയാണ്. ഈ രാജ്യത്ത് ജോലി തേടി വന്നവർക്ക് കാൽനൂറ്റാണ്ടായി ദൈവത്തെ ആരാധിപ്പാൻ സാഹചര്യമൊരുക്കിത്തന്ന സർവ്വശക്തനോട് നാം എന്നും നന്ദിയുള്ളവർ ആയിരിക്കണം. യു.എ.ഇ-ലെ എല്ലാ രാജാക്കന്മാരോടും, പ്രത്യേകിച്ച് ഷാർജ ഭരണാധികാരി ആദരണീയനായ ഡോ. ഷെയ്ക്ക് സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസ്മിയോടും രാജകുടുംബത്തോടും, മറ്റ് ഭരണാധികാരികളോടും ഷാർജ ഇടവക എന്നെന്നും കടപ്പെട്ടിരിക്കണം. ഇതിനുവേണ്ടി അദ്ധ്വാനിച്ച എല്ലാവരോടും ഇത്തരുണത്തിൽ ഒരിക്കൽക്കൂടി നന്ദി അറിയിക്കട്ടെ. ഈ കഴിഞ്ഞ കാലയളവിൽ നമ്മളോടൊപ്പം പ്രവർത്തിച്ചിരുന്ന, നമ്മളിൽനിന്നും കർത്തൃസന്നിധിയിലേക്ക് വാങ്ങിപ്പോയ എല്ലാ സഹോദരീസഹോദരന്മാരെയും സ്മരിക്കുന്നു. ചെറിയ ഒരു പ്രാർത്ഥനാഗ്രൂപ്പിൽ തുടങ്ങി, യു.എ.ഇ-യിലെ വിവിധ സ്റ്റേറ്റുകളിൽ നിന്നുള്ള 1250-ൽ പരം മലങ്കര ഓർത്തഡോക്സ് സഭാവിശ്വാസികൾ ഉള്ള ഈ ഇടവകയിൽ അംഗങ്ങളായതിൽ നമുക്ക് അഭിമാനിക്കാം.

സ്ഥാപിതമായിട്ട് 27 വർഷം കടന്നുപോകുന്ന ഈ ഇടവകയുടെ കഴിഞ്ഞകാല പ്രവർത്തനങ്ങളെപ്പറ്റി ഇത്തരുണത്തിൽ അനുസ്മരിക്കുന്നത് ഉചിതമായിരിക്കും. മലങ്കരയുടെ പ്രധമ പ്രഖ്യാപിത പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ പുണ്യനാമത്തിൽ 1978-ൽ, സെയ്ൻറ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക ഷാർജയിൽ സ്ഥാപിതമായി. ആദ്യകാലങ്ങളിൽ, മാതൃ ഇടവകയായിരുന്ന ദുബായ് പള്ളിയിൽ നിന്നുള്ള വൈദീകർ, ഷാർജയിൽ വന്ന് വി. കുർബ്ബാന അർപ്പിക്കുകയും, അംഗങ്ങളുടെ ആത്മീയ ആവശ്യങ്ങൾ നിറവേറ്റുകയും ചെയ്തുപോന്നിരുന്നു. ഇടവകയുടെ അംഗസംഖ്യ ക്രമാതീതമായി വർദ്ധിക്കുകയും, വടക്കൻ എമിറേറ്റുകളിലെ ആളുകൾക്കുള്ള യാത്രാസൗകര്യങ്ങളും കണക്കിലെടുത്തുകൊണ്ട് "ഷാർജ ഇടവക" രൂപീകരിക്കുന്നതിനുള്ള ആവശ്യകത ഉയരുകയും, അന്ന് ഷാർജ ഇടവക ഉൾപ്പെട്ടിരുന്ന ബോംബെ ഭദ്രാസന മെത്രാപ്പോലീത്താ അഭിവന്ദ്യ ഡോ. തോമസ് മാർ മക്കാറിയോസ് തിരുമനസ്സുകൊണ്ട് 1978-ൽ, ഷാർജ ഇടവക രൂപീകരിച്ചു കൊണ്ടുള്ള കൽപന (നമ്പർ98/78) നൽകി, ഇടവകയെ അനുഗ്രഹിച്ച് ആശീർവദിക്കുകയും ചെയ്തു. 1979-ൽ ഭദ്രാസന വിഭജനം, ഉണ്ടായപ്പോൾ യു.എ.ഇ-ലെ മറ്റ് ഇടവകകളോടൊപ്പം ഈ ഇടവകയും ഡൽഹി ഭദ്രാസനത്തിലേയ്ക്ക് മാറ്റപ്പെട്ടു.

മലങ്കര ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് മാത്രമായി ഒരു ദൈവാലയം പണിയുവാനുള്ള വസ്തു 1994-ൽ ഷാർജയിൽ "അൽ യാർമുക്ക്" എന്ന സ്ഥലത്ത് ഷാർജ ഭരണാധികാരി ആദരണീയനായ ഡോ. ഷെയ്ഖ് സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസ്മി ഇഷ്ടദാനമായി നൽകി. ഡൽഹി ഭദ്രാസനത്തിൻെറ പ്രഥമ മെത്രാപ്പോലീത്തായായിരുന്ന, കാലംചെയ്ത അഭി. ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് തിരുമനസ്സുകൊണ്ട് 1994 ജൂലൈ 2-ാംതീയതി ശിലാസ്ഥാപനം നിർവഹിച്ച വി. ദൈവാലയത്തിൻെറ നിർമ്മാണം പൂർത്തീകരിച്ച്, മലങ്കര മെത്രാപ്പോലീത്തായും പരിശുദ്ധ കാതോലിക്കാബാവായുമായ മോറാൻ മാർ ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ തിരുമനസ്സിൻെറ പ്രധാന കാർമ്മികത്വത്തിലും, അഭിവന്ദ്യ തിരുമേനിമാരുടെ സഹകാർമ്മികത്വത്തിലും. യു.എ.ഇ-ലുള്ള എല്ലാ വൈദീകരുടേയും ബഹുശതം സഭാവിശ്വാസികളുടെ സാന്നിദ്ധ്യത്തിലും 1995 മാർച്ച് 31-ാം തീയതി വി. ദൈവാലയ കൂദാശയും, സമർപ്പണവും നടന്നു.

സ്ഥാപിതമായ വർഷം തന്നെ ആരംഭിച്ച സൺഡേസ്ക്കൂൾ യുവജനപ്രസ്ഥാനം, മർത്തമറിയം വനിതാസമാജം, തുടർന്നുള്ള കാലഘട്ടങ്ങളിൽ തുടങ്ങിയ, എം.ജി.ഓ.സി.എസ്സ്.എം. എന്നീ സംഘടനകളുടെ പ്രഖ്യാപിത ലക്ഷ്യങ്ങളിൽ നിന്നുകൊണ്ടുമുള്ള ഇടവകയിലെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണ്. ഇടവകപ്പെരുന്നാളും, എല്ലാ പരിശുദ്ധന്മാരുടെയും സഭാപിതാക്കന്മാരുടെയും ഓർമ്മപ്പെരുന്നാളുകളും, മാറാനായപെരുന്നാളുകളും, ആഘോഷസമന്വിതം അതാത് സമയങ്ങളിൽ നടത്തി വരുന്നു. എല്ലാ ദിവസങ്ങളിലും സന്ധ്യാനമസ്ക്കാരവും, ചൊവ്വാഴ്ച വൈകിട്ട് വിശുദ്ധ ദൈവമാതാവിനോടും, വ്യാഴാഴ്ച വൈകിട്ട് പരിശുദ്ധ പരുമല തിരുമേനിയോടുമുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും മുടങ്ങാതെ നടന്നുവരുന്നു. മനോഹാരിതവും സ്വർഗ്ഗീയ അനുഭൂതിയുളവാക്കുന്നതുമായ ദൈവാലയത്തിലെ ആരാധന ഏവർക്കും അനുഭവസ്തമാണ്.

"ഈ ഏറ്റവും ചെറിയവരിൽ ഒരുത്തനു ചെയ്യുന്നതെല്ലാം എനിക്കാകുന്നു ചെയ്യുന്നത്" എന്ന കർതൃവചനം ഉൾക്കൊണ്ടുകൊണ്ട് ഇടവക നടത്തുന്ന ചാരിറ്റി പ്രവർത്തനങ്ങൾ എണ്ണമറ്റതാണ്. മലങ്കരസഭയിൽ മറ്റൊരു പള്ളികളിലും ഇല്ലാത്തതരത്തിൽ ചാരിറ്റി പ്രവർത്തനങ്ങൾക്കു മാത്രമായി ഒരു കമ്മിറ്റിതന്നെ 1979 മുതൽ ഇടവകയിൽ പ്രവർത്തിക്കുന്നുണ്ട്. ജാതിയുടേയും, മതത്തിൻേറയും അതിർവരമ്പുകൾ നോക്കാതെയുള്ള ഇടവകയിലെ ചാരിറ്റി പ്രവർത്തനങ്ങൾ സഭയ്ക്കു തന്നെ അഭിമാനകരമാണ്.

ഇടവക സ്ഥാപിതമായതിൻെറ 10-ാം വാർഷികം 1988-ൽ ആഘോഷിച്ചു. ഇതിൻെറ ഭാഗമായി കേരളത്തിലുള്ള ഭവനരഹിതരായ 10 പേർക്ക്, വീടുകൾ നിർമ്മിച്ചു നൽകി. 1998-ൽ നടന്ന 20-ാം വാർഷിക ആഘോഷങ്ങളുടെ സ്മാരകമായി കാലം ചെയ്ത അഭിവന്ദ്യ ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസിൻെറ പേരിൽ ദൈവാലയത്തോട് ചേർന്ന് പാഴ്സണേജ് & പാരിഷ് ഹാൾ പണി കഴിപ്പിച്ചു. മലങ്കരയുടെ പരിശുദ്ധനായ പരുമല മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ചരമശതാബ്ദി 2002-ൽ "പ്രാർത്ഥനാവർഷമായി" പ്രഖ്യാപിച്ച്, ഇടവകയും ആചരിച്ചു. ആഘോഷങ്ങളുടെ ഭാഗമായി പരിശുദ്ധ തിരുമേനിയുടെ ചിത്രം ഒരു വശത്തും, കുരിശ് മറുവശത്തും മുദ്രണം ചെയ്ത ഗോൾഡ് കോയിനുകൾ (ലോക്കറ്റുകൾ) മലങ്കരസഭയിൽ ആദ്യമായി ഈ ഇടവക പുറത്തിറക്കി.

ഇടവക സ്ഥാപിതമായതിൻെറ 25-ാം വാർഷികം (രജതജൂബിലി) മാതൃകയാർന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾ സമൂഹത്തിനു വേണ്ടി ഏറ്റെടുത്തുകൊണ്ട് ആഘോഷിച്ചു. 2002 നവംബർ 1-ന് ആരംഭിച്ച് 2003 ഡിസംബർ 26-ന് സമാപിച്ച രജതജൂബിലി ആഘോഷങ്ങളുടെ ഭാഗമായി ഏകദേശം 70 ലക്ഷം രൂപയുടെ ജീവകാരുണ്യ, സാധുജനസംരക്ഷണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. കുടുംബസംഗമം, ജൂബിലിസുവനീർ, വിവിധ മലയാള ദിനപത്രങ്ങളിൽ സ്പെഷ്യൽസപ്ളിമെൻറ്, ഇടവകയിൽ 25 വർഷം പൂർത്തിയായവരെ ആദരിക്കൽ, ഇടവക ആദ്ധ്യാത്മിക സംഘടനകളുടെ നേതൃത്വത്തിൽ ഒരു വർഷം നീണ്ടുനിന്ന വിവിധ പരിപാടികൾ, ധ്യാനയോഗങ്ങൾ, കൺവൻഷനുകൾ, മഹാപുരോഹിത സുവർണ്ണ ജൂബിലി ആഘോഷിച്ച പരി. ബാവാതിരുമേനിയെ ആദരിക്കൽ, സഭാ കവി ശ്രീ. സി. പി. ചാണ്ടിയെ ആദരിക്കൽ, തുടങ്ങിയ വിവിധ പരിപാടികൾ നാട്ടിലും, ഷാർജയിലുമായി രജതജൂബിലി ആഘോഷങ്ങളോടൊപ്പം നടന്നു.

മലങ്കരസഭയിൽ ആദ്യമായി, ഇടവകാംഗങ്ങൾക്കു വേണ്ടി, 1999-ൽ ആരംഭിച്ച "ഗ്രൂപ്പ് ലൈഫ് ഇൻഷുറൻസ് പദ്ധതി" ഏഴാം വർഷത്തിലേക്ക് കടന്നിരിക്കുകയാണ്. ഇടവകാംഗങ്ങൾക്കു വേണ്ടിയുള്ള പാരിഷ് ഡയറക്ടറിയുടെ ആറാമത്തെ പതിപ്പ്, കുടുംബാംഗങ്ങളുടെ പൂർണ്ണവിവരങ്ങളും, വ്യക്തിഗതഫോട്ടോയും വച്ച് പു:നപ്രസിദ്ധീകരിക്കുന്നതിനുള്ള പ്രാരംഭപ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇടവക രൂപീകരണ വർഷങ്ങളിൽ ആരംഭിച്ച പാരിഷ് ബുള്ളറ്റിൻ "ഗ്രീഗോറിയൻ" എല്ലാ മാസവും പ്രസിദ്ധീകരിച്ച് വരുന്നു. ഇടവകയ്ക്ക് സ്വന്തമായി www.gulfparumala.com എന്ന പേരിൽ ഒരു വെബ്സൈറ്റ് 2002-ൽ ആരംഭിച്ചു.

മലങ്കരസഭാ ഭരണഘടനപ്രകാരവും, ഭരണഘടന അനുശാസിക്കുന്ന രീതിയിൽ, ഈ രാജ്യത്തെ നിയമങ്ങൾക്ക് അനുസൃതമായി എഴുതിയുണ്ടാക്കിയ ബൈലാ പ്രകാരവുമാണ് ഇടവകയുടെ ദൈനംദിന പ്രവർത്തനങ്ങൾ നടത്തിവരുന്നത്. ഇടവകയുടെ ഇന്നത്തെ വളർച്ചയിൽ കഴിഞ്ഞ കാലഘട്ടങ്ങളിൽ ശുശ്രൂഷ ചെയ്തിട്ടുള്ള, ഇടവകയുടെ മുൻ വികാരിമാരായ ബഹുമാന്യരായ ഫാ. ജോർജ് പനയ്ക്കാമറ്റം, ഫാ. വർഗീസ്സ് ചാക്കോ, ഫാ. പി. കെ. തോമസ്സ്, ഫാ. തോമസ്സ് യോഹന്നാൻ, ഫാ. സി. എം. കുറിയാക്കോസ്സ്, ഫാ. ജേക്കബ് ഏബ്രഹാം, ഫാ. സാം പി. ജോർജ്, ഫാ. ജോൺ ഡാനിയേൽ എന്നീ വൈദീകരുടെ സേവനങ്ങളെ ഇത്തരുണത്തിൽ നന്ദിയോടെ ഓർക്കുന്നു

ഈ വിശുദ്ധ ദൈവാലയത്തിൽ കർത്തൃശുശ്രൂഷ ചെയ്യുവാൻ ലഭിച്ച മൂന്നു വർഷക്കാലം നന്ദിയോടെ ഓർക്കുന്നു. നമുക്ക് തമ്പുരാൻ നൽകിയിട്ടുള്ള കൃപകളെ ഓർത്ത് എന്നും ദൈവത്തെ സ്തുതിക്കണം. കഴിഞ്ഞ കാലങ്ങളിൽ എന്നോടൊത്തു പ്രവർത്തിച്ച എല്ലാ ഭരണസമിതി അംഗങ്ങളോടും, ചാരിറ്റി കമ്മിറ്റി, ആദ്ധ്യാത്മിക സംഘടനാ പ്രവർത്തകരോടും, ആബാലവൃദ്ധം ഇടവക ജനങ്ങളോടുമുള്ള നന്ദി, സ്നേഹം അറിയിക്കട്ടെ. പ്രാർത്ഥനയിൽ തമ്മിൽ തമ്മിൽ ഐക്യപ്പെടാം.



പരിശുദ്ധ ഗീവറുഗ്ഗീസ് മാർ ദീവന്നാസ്സ്യോസ് തിരുമേനി
( വട്ടശ്ശേരിൽ തിരുമേനി )

# ഈസ്റ്റർദിന ചിന്തകൾ

അഭി. പൗലോസ് മാർ മിലിത്തിയോസ്, കുന്നംകുളം ഭദ്രാസനാധിപൻ



കർത്താവിൽ പ്രിയരെ,

കർത്താവായ യേശുക്രിസ്തുവിന്റെ ഉയിർപ്പ് പെരുന്നാൾ മനുഷ്യരാശിയ്ക്ക് അത്യാഹ്ളാദം നൽകുന്ന അനുഭവമാണ്. മാനവചരിത്രത്തിൽ ഒരു പുതിയ യുഗം തന്നെ പിറക്കുവാൻ യേശുവിന്റെ മരണവും, ഉയർപ്പും കാരണമായി. ക്രിസ്തു ഉയർത്തെഴുന്നേറ്റിരുന്നില്ലെങ്കിൽ അദ്ദേഹത്തിന്റെ മരണത്തിന് യാതൊരു പ്രാധാന്യവും ലഭിക്കുമായിരുന്നില്ല. ഉയർത്തെഴുന്നേൽപ്പാണ് ക്രിസ്തുവിന്റെ മരണത്തിന് വൻ പ്രാധാന്യം നേടിക്കൊടുത്തത്. യേശുക്രിസ്തു പ്രബോധനങ്ങളിലൂടെ ഉന്നയിച്ച ആശയങ്ങൾ പൂർണ്ണമായും ക്രിയകളിലൂടെ ആവിഷ്ക്കരിച്ച് നടപ്പാക്കുകയും ചെയ്തു. വെറും പ്രബോധനങ്ങൾ മാത്രമായിരുന്നെങ്കിൽ ക്രിസ്തുമതം മറ്റു മതങ്ങളെപ്പോലെ ആശയപ്രപഞ്ചത്തിന്റെ ഒരു കൂമ്പാരം മാത്രമായേനെ. ഞാൻ തന്നെയാണ് വഴിയും സത്യവും ജീവനുമെന്ന് സ്വന്തം ജീവിതത്തിലൂടെ ക്രിസ്തു തെളിയിച്ചു. ഞാൻ പുനഃരുത്ഥാനവും ജീവനുമാണെന്ന് പ്രസംഗിക്കുകയും, അത് സത്യമാണെന്ന് ശിഷ്യന്മാർക്കും അനുയായികൾക്കും ബോദ്ധ്യപ്പെടുകയും ചെയ്തു. ഉയിർത്തെഴുന്നേറ്റ കർത്താവു നാൽപ്പത് ദിവസങ്ങളോളം ജനങ്ങളുടെ മുമ്പിൽ പ്രത്യക്ഷപ്പെടുകയും, പ്രബോധനങ്ങൾ നടത്തുകയും ചെയ്തപ്പോൾ ആർക്കുംതന്നെ സംശയിക്കുവാനോ മറിച്ചൊന്ന് ചിന്തിക്കുവാനോ നിവൃത്തിയില്ലായിരുന്നു. വിശ്വാസമാണ് ക്രൈസ്തവജീവിതത്തിന്റെ അടിത്തറ. വിശ്വസിക്കുവാൻ വേണ്ട ധാരാളം തെളിവുകൾ തുടർച്ചയായി കാണപ്പെടുകയും ചെയ്തു. യേശുവിന്റെ മരണം മനുഷ്യരാശിയുടെ രക്ഷയ്ക്ക് അനിവാര്യമായിരുന്നു. മരണം ജീവിതത്തിന്റെ തുടക്കമാണ്; യേശുക്രിസ്തുവിന്റെ മരണമാണ് മനുഷ്യവർഗ്ഗത്തിന്റെ ജീവന്റെ ആരംഭം. ഇവിടെയാണ് മനുഷ്യരാശിയോടുള്ള ദൈവസ്നേഹത്തിന്റെ പാരമ്യത ദർശിക്കുവാൻ കഴിയുന്നത്.

യഹൂദമതാധികാരികളുടെ പീഢനത്തിൽനിന്ന് യേശുവിന് അത്ഭുതകരമായി രക്ഷപ്പെടാമായിരുന്നു. കഠിനരോഗങ്ങളെ സുഖപ്പെടുത്തുകയും, മൃതദേഹങ്ങളെ ജീവനുള്ളതാക്കി തീർക്കുകയും, പ്രകൃതിശക്തികളെ ആജ്ഞാനുവർത്തികളാക്കുകയും, മനുഷ്യശരീരത്തിലെ പിശാചുക്കളെ പരസ്യമായി ശാസിച്ചു പുറത്താക്കുകയും ചെയ്തുകൊണ്ടിരുന്ന യേശുവിന് പീഢനങ്ങളെ പ്രയാസം കൂടാതെ അതിജീവിക്കാമായിരുന്നു; ശത്രുക്കളെ ശിക്ഷിക്കാമായിരുന്നു. യേശുവിന്റെ മനുഷ്യാവതാര ലക്ഷ്യം ഇതൊന്നുമായിരുന്നില്ലല്ലൊ.

ക്രിസ്തുവിന്റെ മരണവും ഉയർത്തെഴുന്നേൽപ്പും പാതാളലോകം, വർത്തമാനകാലലോകം, ഭാവികാലലോകം എന്നീ മൂന്ന് ലോകങ്ങളിലുള്ള മനുഷ്യരാശിയ്ക്ക് പ്രയോജനപ്പെടുന്നതാണ്. ക്രിസ്തുവിന് മുമ്പ് മരണപ്പെട്ടവർക്കും, ക്രിസ്തുവിന്റെ കാലഘട്ടത്തിൽ ജീവിച്ചിരുന്നവർക്കും, ക്രിസ്തുവിന് ശേഷം ജനിക്കുവാനുള്ള തലമുറയ്ക്കും രക്ഷയുടെ സാധ്യതയ്ക്ക് അവകാശം ഉണ്ടായിരിക്കുന്നതാണ്. മനുഷ്യവർഗ്ഗത്തിന്റെ പൂർണ്ണത കൈവരണമെങ്കിൽ ഈ "ത്രികാല ഡൈമൻഷൻ" ഉണ്ടായിരിക്കണം.

ഈ മൂന്ന് കാലങ്ങളിലുള്ള മനുഷ്യരെ ബന്ധിപ്പിക്കുന്നത് ഈ വിശ്വാസമാണ്. ശവക്കല്ലറയിൽ അടക്കംചെയ്യപ്പെട്ട ക്രിസ്തു പാതാളത്തിൽച്ചെന്ന് പരേതാത്മാക്കളോട് സുവിശേഷം പ്രസംഗിച്ചു. (1പത്രോസ് 4:6). മനുഷ്യാവതാരത്തിന്റെ സമ്പൂർണ്ണത ഇവിടെ വ്യക്തമാണ്. ഏതെങ്കിലും ഒരു കാലഘട്ടത്തിൽപ്പെട്ടവർക്കു മാത്രമേ ക്രിസ്തുവിന്റെ മനുഷ്യാവതാരനേട്ടം ലഭിക്കുന്നുള്ളുവെങ്കിൽ മനുഷ്യാവതാരത്തിന്റെ പ്രയോജനം വെറും ഭാഗികമായേനെ. ദൈവത്തിൽ സമ്പൂർണ്ണതയുള്ളതിനാൽ ഏത് കാലത്തിലുള്ളവർക്കും രക്ഷയുടെ സർവ്വ അവകാശങ്ങളും സിദ്ധിക്കണം. ക്രിസ്തുവിന്റെ ഒസ്യത്തിന്റെ പിൻബലത്തിലാണ് ഇന്നുള്ള ഓരോരുത്തർക്കും രക്ഷ സിദ്ധിക്കുന്നത്. ഈ അവകാശത്തിൽ നിന്ന് വിട്ടുനിൽക്കുവാനും ക്രിസ്തു അവകാശം നൽകുന്നുണ്ടെന്നു വേണം കരുതുവാൻ; എങ്കിലേ സ്വാതന്ത്ര്യം എന്ന ആശയം കുറ്റമറ്റതായി തീരുകയുള്ളു.

മൂന്ന് പ്രധാന സന്ദേശങ്ങൾ ഈസ്റ്റർദിനത്തിൽ നാം സ്മരിക്കേണ്ടതുണ്ട്. ഒന്നാമതായി പാപത്തിന്റെ ശവക്കല്ലറയിൽ നിന്നും നാം ഉയിർത്തെഴുന്നേൽക്കണം. രണ്ടാമതായി പുനഃരുത്ഥാനത്തിന് നാം സാക്ഷിയായിത്തീരണം; ഇത് വിശ്വാസത്തിലൂടെ മാത്രമെ നമുക്ക് സാധിക്കുകയുള്ളു. മൂന്നാമതായി പുനഃരുത്ഥാന വാർത്ത ലോകം മുഴുവൻ എത്തിക്കുവാൻ പരിശ്രമിക്കണം. ഈ മൂന്ന് ദൗത്യങ്ങളും നിറവേറ്റാൻ നാം പരമാവധി ശ്രമിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ

## WORSHIP TIMINGS

| | | |
|---|---|---|
| Friday | 7:00 a.m. | Morning Prayer |
| | 8:00 a.m. | Holy Qurbana |
| Sunday | 7:30 p.m. | Evening Prayer & Holy Qurbana |
| Tuesday | 8:00 p.m | Evening Prayer & Madhyastha Prardhana (St. Mary) |
| Thursday | 8:00 p.m | Evening Prayer & Madhyastha Prardhana (St. Gregorios) |

## പാരിഷ് ഡയറക്ടറി

ഇടവക പാരിഷ് ഡയറക്ടറിയുടെ ആറാമത്തെ പതിപ്പ്, കുടുംബാംഗങ്ങളുടെ പൂർണ്ണവിവരങ്ങളും, വ്യക്തിഗതഫോട്ടോയും വച്ച് പു:നപ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചിരിക്കുകയാണ് ഇടവക അംഗങ്ങളുടെ പൂർണ്ണവിവരങ്ങൾ അപ്ഡേറ്റ് ചെയ്തു കൊണ്ടിരിക്കുന്നു. ആയതിന്വേണ്ടി പുറത്തിറക്കിയിട്ടുള്ള അപ്ഡേഷൻ ഫോറം പൂരിപ്പിച്ച്, ഒരു പാസ്സ്പോർട്ട്സൈസ്സ് കളർ ഫോട്ടോ സഹിതം പള്ളി ആഫീസ്സിലൊ, മാനേജിംഗ് കമ്മിറ്റി അംഗങ്ങളേയൊ ഏൽപ്പിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

# അഭി. ഇടവക മെത്രാപ്പോലീത്തായുടെ സന്ദേശം



ORTHODOX CHURCH
CATHOLICATE OF THE EAST
DIOCESE OF DELHI

Job Mar Philoxenos
(Metropolitan)

THE DELHI ORTHODOX CENTRE
2, Institutional Area, Tughlaqabad
New Delhi – 110062
Phones: 011-29955203, 29956417
Fax: 011-29958975
E-mail: marphiloxenos@rediffmail.com

മലങ്കര ഓർത്തഡോക്സ് സഭയ്ക്കും സമൂഹത്തിനും മാതൃകയായും, ചിട്ടയായും പ്രവർത്തനങ്ങൾ നടത്തി വരുന്ന ഷാർജ സെയ്ന്റ് ഗ്രീഗോറിയോസ് ഇടവക രൂപീകൃതമായിട്ട് 27 വർഷം പിന്നിടുന്നു. നിലവിലുള്ള വി. ദൈവാലയം കൂദാശ ചെയ്യപ്പെട്ട് ഇന്നേക്ക് പത്ത് വർഷം പൂർത്തീകരിക്കുന്ന ഈ അവസരത്തിൽ പരമകാരുണ്യവാനായ ദൈവത്തെ സ്തുതിക്കുന്നു. ദൈവാലയത്തിന് അനുമതി നൽകിയ യു.എ.ഇ-ലെ എല്ലാ ഭരണാധിപൻമാരോടും, പ്രത്യേകിച്ച് ഷാർജ ഭരണാധികാരി ആദരണീയനായ ഡോ. ഷെയ്ക്ക് സുൽത്താൻ ബിൻ മുഹമ്മദ് അൽ ഖാസ്മിയോടും മലങ്കര സഭയ്ക്കുള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു. ഷാർജ ഇടവകയെ ഉന്നതിയിലേക്കു നയിച്ച വികാരിയച്ചന്മാരോടും, ഭരണസമിതി അംഗങ്ങളോടും, സർവ്വോപരി വാത്സല്യരായ എല്ലാ ഇടവകാംഗങ്ങളോടും നമുക്കുള്ള സ്നേഹം ഇത്തരുണത്തിൽ അറിയിക്കുന്നു. പത്താംവാർഷീക ആഘോഷങ്ങളോട് അനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ഗ്രീഗോറിയൻ സ്പെഷ്യൽ ബുള്ളറ്റിന് എല്ലാവിധ ആശംസകളും നേരുന്നു..

ദൈവം എല്ലാവരേയും അനുഗ്രഹിക്കട്ടെ

ജോബ് മാർ പീലക്സീനോസ്സ് മെത്രാപ്പോലീത്താ
29th March 2005

# OVBS - 2005

Theme: "GOD IS OUR SHELTER"
( Psalms 46:1 )

മാർച്ച് മാസം 27-ാം തീയതി ഞായറാഴ്ച, കുന്നംകുളം ഭദ്രാസനാധിപൻ അഭിവന്ദ്യ പൗലോസ് മാർ മിലിത്തിയോസ് തിരുമനസ്സുകൊണ്ട് അനുഗ്രഹിച്ച് ആരംഭിച്ച ഈ വർഷത്തെ OVBS ക്ലാസ്സുകൾ, ഏപ്രിൽ മാസം 1-ാം തീയതി വെള്ളിയാഴ്ച (ഇന്ന്) വി. കുർബ്ബാനയ്ക്കു ശേഷം സമാപിക്കുകയാണ്.

കുട്ടികളുടെ റാലി, സ്നേഹവിരുന്ന്, സമ്മേളനം തുടങ്ങിയ വിവിധ പരിപാടികൾ ക്രമീകരിച്ചിട്ടുണ്ട്. 510 കുട്ടികൾ പങ്കെടുത്ത ക്ലാസ്സുകൾക്ക് 40-ൽപ്പരം അദ്ധ്യാപകരോടൊപ്പം, സൺഡെസ്ക്കൂൾ ഹെഡ്മാസ്റ്റർ ശ്രീ. പി. എസ്സ്. മാത്യു കൺവീനറായും, ശ്രീമതി അന്നമ്മ വർഗീസ്സ് സൂപ്രണ്ടായും സ്തുത്യർഹമായ സേവനം അനുഷ്ടിച്ചു. അഭിവന്ദ്യ തിരുമേനിയും, ബഹു. ഇടവക വികാരിയച്ചനേയും കൂടാതെ ബഹുമാന്യരായ നൈനാൻ വർഗീസ്സ് അച്ചനും, ജേക്കബ് പണിക്കർ അച്ചനും, പ്രകാശ് ഐസക്ക് ശെമ്മാശ്ശനും നേതൃത്വം നൽകിയ ക്ലാസ്സു കളും, ഗാനപരിശീലനവും പങ്കെടുത്ത ഏവർക്കും ഒരു പ്രത്യേക അനുഭവമായിരുന്നു.

ഓ.വി.ബി.എസ്സ്-ന്റെ സാമ്പത്തിക കാര്യങ്ങൾ ബഹു. ഇടവക മാനേജിംഗ് കമ്മിറ്റിയുടെ നേരിട്ടുള്ള മേൽനോട്ടത്തിലാണ് നടന്നത്. ദൈനംദിന ചെലവുകൾ സ്പോൺസർ ചെയ്ത് സഹായിച്ച ഇവകാംഗങ്ങളോടുള്ള നന്ദി ഇത്തരുണത്തിൽ അറിയിക്കുന്നു.

## വിശേഷ ദിവസങ്ങൾ

| | |
|---|---|
| ഏപ്രിൽ 1 | മൗദ്യാനന്മാരുടെ ഓർമ്മ |
| ഏപ്രിൽ 3 | പുതു ഞായറാഴ്ച്ച |
| ഏപ്രിൽ 5 | കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പൊലീത്തായുടെ 40-ാം ഓർമ്മ (പാമ്പാടി ദയറാ) |
| ഏപ്രിൽ 7 | വലിയ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ (ആറാം മാർത്തോമ്മാ) 197-ാം ഓർമ്മ (പുത്തൻകാവ് പള്ളി) |
| ഏപ്രിൽ 10 | പുതു ഞായറാഴ്ച്ചക്കു ശേഷം ഒന്നാം ഞായറാഴ്ച്ച |
| ഏപ്രിൽ 16 | രണ്ടാം മാർത്തോമ്മായുടെ 319-ാം ഓർമ്മ (നിരണം പള്ളി) |
| ഏപ്രിൽ 17 | പുതു ഞായറാഴ്ച്ചക്കു ശേഷം രണ്ടാം ഞായറാഴ്ച്ച, പുത്തൻകാവിൽ പീലക്സിനോസ്സ് തിരുമേനിയുടെ ഓർമ്മ |
| ഏപ്രിൽ 22 | മൂന്നാം മാർത്തോമ്മായുടെ 317-ാം ഓർമ്മ. (കടമ്പനാട് പള്ളി) |
| ഏപ്രിൽ 23 | മാർ ഗീവറുഗീസ് സഹദായുടെ ഓർമ്മ. |
| ഏപ്രിൽ 24 | പുതു ഞായറാഴ്ച്ചക്കു ശേഷം മൂന്നാം ഞായറാഴ്ച്ച. |
| ഏപ്രിൽ 25 | ഏവൻഗേലിസ്ഥനായ മാർ മർക്കോസ് മ്സബ്രോനോയുടെ ഓർമ്മ<br>ഒന്നാം മാർത്തോമ്മയുടെ 335-ാം ഓർമ്മ. (അങ്കമാലി ചെറിയ പള്ളി) |
| ഏപ്രിൽ 27 | മാർ ഗ്രീഗോറിയോസ് അബ്ദൽ ജലീൽ മെത്രാപ്പോലീത്തായുടെ 334-ാം ഓർമ്മ |
| ഏപ്രിൽ 29 | മാർ ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ 14-ാം സ്ഥാനാരോഹണ വാർഷികം. |

## ആശംസ

വി. ദൈവാലയം കൂദാശ ചെയ്ത് സമർപ്പിക്കപ്പെട്ടതിന്റെ പത്താം വാർഷികം നാം ഇന്ന് ആഘോഷിക്കുകയാണ്. ദൈവീക കാഴ്ചപ്പാടിൽ, പരസ്പര സഹകരണത്തോടെ ഒരുമിച്ച് പ്രവർത്തിച്ച് മുന്നോട്ട് പോകുവാൻ നാം ഓരോത്തരും ശ്രമിക്കണം. ഈ നിമിഷം വരെ നമ്മെ കാത്തു പരിപാലിച്ച ദൈവത്തെ സ്തുതിക്കുവാൻ നാം കടപ്പെട്ടിരിക്കുന്നു. കഴിഞ്ഞകാലങ്ങളിലെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തി, വന്നുപോയിട്ടുള്ള കുറ്റങ്ങളും കുറവുകളും പരിഹരിച്ച് നമുക്ക് ദൈവസന്നിധിയിൽ മുന്നേറാം. പത്താം വാർഷീക ആഘോഷങ്ങളോട് അനുബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന ഗ്രീഗോറിയൻ സ്പെഷ്യൽ ബുള്ളറ്റിന് ആശംസകൾ നേരുന്നു.

ഡാനിയേൽ ഉമ്മൻ
ഇടവക സെക്രട്ടറി

## PRAYER MEETINGS

| Prayer Group | Area | Date | Hosted By |
|---|---|---|---|
| St. Paul's | Old Airport & Immigration | 04/04/05 - Monday | Mr. Santhosh Varghese |
| St. Thomas | Abu Shagara | ,, | ,, |
| St. Gregorios | Musalla & Al Yarmook | 06/04/05 - Wednesday | Mr. Thomas V.I |
| St. Peter's | Sharjah Cinema | 13/04/05 - Wednesday | Mr. M.P Jose |
| St. John's | Rolla | 15/04/05 – Friday | Mr. Abraham T. George |
| St. Luke's | Ajman | 22/05/05 – Friday | Mr. Philip Mathew |
| St. Stephen's | Al Khazamia | 27/02/05 – Wednesday | Mr. Monachen Kunjumon |
| St. Mary's | BMW | ,, | ,, |
| St. Matthew's | Al-Wahda | 29/04/05 – Friday | Mr. M. C. Varghese |
| St. Dionosius | Al Nahda & Dubai | ,, | ,, |
| St. Baselios | Maisaloon | To be announced | To be announced |
| St. George | Sharq | To be announced | To be announced |
| St. Mark's | UAQ & Al Falaj | To be announced | To be announced |



നവതി ആഘോഷിക്കുന്ന
മലങ്കര മെത്രാപ്പോലീത്തായും
പരിശുദ്ധ കാതോലിക്കാബാവായുമായ
മോറാൻ മാർ ബസേലിയോസ് മാർതോമ്മാ മാത്യൂസ്
ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമനസ്സിന്
ഷാർജാ സെൻറ് ഗ്രീഗോറിയോസ് ഓർത്തഡോക്സ് ഇടവക
ആത്മീയമക്കളുടെ ഹൃദയം നിറഞ്ഞ ആശംസകൾ

## മലങ്കര സഭയുടെ അഭിനവ മെത്രാപ്പോലീത്താമാർക്ക് ഷാർജാ ഇടവകയുടെ ആശംസകൾ



അഭി. ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്



അഭി. ഡോ. സഖറിയാസ് മാർ തെയോഫിലോസ്



അഭി. ഡോ. യൂഹാനോൻ മാർ ക്രിസോസ്റ്റമോസ്



അഭി. ഔഗേൻ മാർ ദീവന്നാസ്യോസ്

# ഇടവക വാർത്തകൾ

## ചാരിറ്റികമ്മിറ്റി

നിർധനരായ കുട്ടികൾക്ക് വിദ്യാഭ്യാസ സഹായം നൽകുന്നതിന് താൽപര്യമുള്ളവർ, ഒരു കുട്ടിയുടെ സ്പോൺസർ തുക *Dhs. 100.00* ചാരിറ്റികമ്മിറ്റി ഭാരവാഹികൾ പക്കൽ നൽകി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഇടവകയിൽ ചാരിറ്റികമ്മിറ്റിയുടെ സാധുസംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി 4 വീടുകൾ വീതം കേരളത്തിലെ വടക്കൻ ഭദ്രാസനങ്ങളിൽ നിന്ന് ആരംഭിച്ച് ഓരോ വർഷവും നിർമ്മിച്ച് നൽകുന്നുണ്ട്. വീടുകൾ ഭാഗികമായോ പൂർണ്ണമായോ സ്പോൺസർ ചെയ്യുവാൻ അവസരം ഉണ്ടായിരിക്കും. കഴിഞ്ഞ കാലങ്ങളിൽ ചാരിറ്റികമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് നിർലോഭമായ സഹകരണങ്ങൾ ചെയ്ത് കൊണ്ടിരിക്കുന്ന ഇടവക ജനങ്ങളുടെ ചെറുതും വലുതുമായ സഹായസഹകരണങ്ങൾ തുടർന്നും കർത്തൃ നാമത്തിൽ പ്രതീക്ഷിക്കുന്നു.

## ഗ്രൂപ്പ് ലൈഫ് ഇൻഷുറൻസ് പദ്ധതി

ഇടവകയിൽ നടപ്പിലുള്ള ഗ്രൂപ്പ് ലൈഫ് ഇൻഷുറൻസ് പദ്ധതിയിൽ പുതുതായി പോളിസി എടുക്കുവാനും, പോളിസി പുതുക്കുവാനും ആഗ്രഹിക്കുന്നവർ ഇതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള അപേക്ഷ പൂരിപ്പിച്ച് നൽകണമെന്ന് അറിയിക്കുന്നു. അപേക്ഷഫോറം പള്ളി ആഫീസിൽ നിന്നും നിങ്ങൾക്ക് ലഭിക്കുന്നതാണ്. പേര്, ജനനത്തീയതി, പ്രൊഫഷൻ എന്നിവ അവരവരുടെ പാസ്സ്പോർട്ടിൽ ഉള്ളതുപോലെ തന്നെ ആയിരിക്കണമെന്ന് പ്രത്യേകം അറിയിക്കുന്നു.

പ്രീമിയം തുക Dhs 60.00 (18 വയസ്സിനു മുകളിലുള്ളവർക്ക്)
Dhs 27.00 (18 വയസ്സിനു താഴെയുള്ളവർക്ക്)

കാലാവധി 2005 ജനുവരി 15 മുതൽ 2006 ജനുവരി 14 വരെ

Accident Death Dhs. 50,000.00 (for all aged up to 65 years )

Normal Death Dhs. 25,000.00 ( only for aged between 18 and 65 years )

Repatriation Expense Dhs. 6,000.00 ( subject to submission of actual bills )

Permanent total disability and permanent partial disability due to accident only. 24 Hours worldwide coverage. Policy will be in the name of Church. Coverage only for the members and holding UAE Residence visa.

## SUNDAY SCHOOL CALANDER FOR APRIL & MAY 2005

Annual Examination & Annual In-house Competition Schedule

| | | |
|---|---|---|
| APRIL 01 | 10.30 am to 01.30 pm | OVBS VALEDECTORY FUNCTION |
| ARRIL 08 | 10.30 am to 12.00 pm | SUNDAY SCHOOL (all classes) |
| | 04.00 am to 07.00 pm | Malayalam Solo Competition |
| APRIL 15 | 10.30 am to 05.00 pm | Teachers Conference ( U A E) |
| APRIL 22 | 10.30 am to 12.00 pm | SUNDAY SCHOOL (all classes) |
| | 04.00 am to 07.00 pm | Elocution Competition |
| APRIL 29 | 10.30 am to 12.30 pm | Oral Examination for UKG & Std. I |
| | 10.30 am to 12.30 pm | SUNDAY SCOOL (Std. II to XI) |
| | 04.00 pm to 07.00 pm | English Solo Competition |
| MAY 06 | 10.30 am to 12.00 pm | SUNDAY SCHOOL (Std. III to XI) |
| | 11.00 am to 12.00 pm | Written Examination for Std. II |
| MAY 13 | 11.00 am to 01.00 pm | FINAL EXAMINATION (for Std. III to Std. XI) |

*(Any changes in date and time shall be announced in the Church only)*

## യുവജന പ്രസ്ഥാനം

യുവജനപ്രസ്ഥാനം യു.ഏ.ഇ സോൺൽ കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ ഒരു കോൺഫറൻസ്, ഫുജൈറാ പള്ളിയിൽ വച്ച് ഏപ്രിൽ മാസം 21–ാം തീയതി നടത്തുന്നതാണ്. വിശദവിവരങ്ങൾ പുറകാലെ അറിയിക്കും.

യുവജന പ്രസ്ഥാനത്തിൻെറ 2005–ലെ അംഗത്വ വിതരണവും, ലൈബ്രറി അംഗത്വപുതുക്കലും നടന്നുകൊണ്ടിരിക്കുന്നു. ഇടവകയിലെ എല്ലാ യുവജനങ്ങളും പ്രസ്ഥാനത്തിൻെറ പ്രവർത്തനങ്ങളിൽ പങ്കുചേരുവാൻ അഭ്യർത്ഥിക്കുന്നു.

Regular meeting will be held on Friday, 15th April 2005 after the Holy Qurbana.

## M.G.O.C.S.M

A Half Day Conference will be conduct on Friday, 8th April 2005 after Sunday School Classes from 12.30 pm to 5.30 pm. The Coference will be led by Kunnamkulam Diocesan Metropolitan H.G Paulose Mar Milithios, Bombay Diocesan Metropolitan H. G Geevarghese Mar Coorilos and Dn. Issac B. Prakash.

## പ്രതിഷ്ഠാ ദിനം

വി. ദൈവാലയം സ്ഥാപിതമായി കൂദാശ ചെയ്യപ്പെട്ടതിൻെറ പത്താം വാർഷീകം മാർച്ച് 31, ഏപ്രിൽ 1 തീയതികളിൽ ആഘോഷിക്കുകയാണ്. ആയതിനോട് അനുബന്ധിച്ച് 31–ാം തീയതി വ്യാഴാഴ്ച സന്ധ്യാനമസ്ക്കാരം, സ്തോത്രപ്രാർത്ഥന, ധ്യാനയോഗം, ഏപ്രിൽ മാസം 1–ാം തീയതി വെള്ളിയാഴ്ച (ഇന്ന്) വി. മൂന്നിന്മേൽ കുർബ്ബാന, കുർബ്ബാനാനന്തരം നേർച്ചയും ഉണ്ടായിരിക്കുന്നതാണ്.

## മർത്തമറിയം വനിതാസമാജം

മർത്തമറിയം വനിതാസമാജത്തിൻെറ 2005–ലെ അംഗത്വ വിതരണം നടന്നുകൊണ്ടിരിക്കുകയാണ്. ഇടവകയിലെ എല്ലാ വനിതകളും സമാജത്തിൽ വന്നു സംബന്ധിക്കുവാൻ അഭ്യർത്ഥിക്കുന്നു.

ഇടവക മർത്തമറിയം വനിതാസമാജത്തിൻെറ നേതൃത്വത്തിൽ ഇടവകാംഗങ്ങൾക്കായി നടത്തിവരുന്ന “മെഡിക്കൽ സെല്ലിൻെറ” ഭാഗമായി ബ്ളഡ്പ്രഷർ, ബ്ളഡ്ഷുഗർ എന്നിവ പരിശോധിക്കാനുള്ള സൗകര്യം, 15/04 വെള്ളിയാഴ്ച വി. കുർബ്ബാനയ്ക്കുശേഷം പള്ളി *Guest Suite*-ൽ വച്ച് ഉണ്ടായിരിക്കുന്നതാണ്.

Regular meeting will be held on Friday, 08th and 22nd April after the Holy Qurbana